നിതാഖത്ത് നിയമംമൂലം നാട്ടിലേയ്ക്ക് മടങ്ങിവന്നവരുടെ പുനരധിവാസം

96 (1497) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിതാഖത്ത് നിയമംമൂലം നാട്ടിലേക്ക് മടങ്ങിവന്ന എത്ര പേരാണ് സംസ്ഥാനത്ത് ആകെയുള്ളതെന്ന് ജില്ല തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ഇവരെ പുനരധിവസിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ ;

ഉത്തരം

(എ) സൗദി അറേബ്യയിലെ നിതാഖത്ത് നിയമംമൂലം തിരികെയെത്തിയവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ നിതാഖത്ത് നിയമം കർശനമായി നടപ്പിലാക്കിയ 1-4-2013 മുതൽ ഇളവ് കാലയളവ് അവസാനിച്ച 3-11-2013 വരെയും തുടർന്ന് 31-12-2013 വരെയും കേരളത്തിൽ തിരികെയെത്തിയവർക്കായി നോർക്ക-റൂട്ട്സ് ഏർപ്പെടുത്തിയ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്തവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ജില്ല	എണ്ണം
തിരുവനന്തപുരം	2330
കൊല്ലം	2182
പത്തനംതിട്ട	351
ആലപ്പുഴ	685
ഇടുക്കി	77
കോട്ടയം	219
എറണാകുളം	422
തൃശ്ശൂർ	620
പാലക്കാട്	1532
കോഴിക്കോട്	2719
മലപ്പുറം	9274
കണ്ണൂർ	1423
വയനാട്	554
കാസർഗോഡ്	246
ആകെ	22634

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിതാഖത്ത്മൂലം തിരികെ വന്ന വിവിധ എയർപ്പോർട്ടുകളിലെ ഹെൽപ്പ് ഡെസ്കിലും ഓൺലൈനായും രജിസ്റ്റർ ചെയ്തിരുന്ന 22634 പേരോട് അവരുടെ വിശദവിവരങ്ങൾ അപ്ഡേറ്റ് ചെയ്യാൻ നിർദ്ദേശം നൽകിയിരുന്നു. ഇങ്ങനെ അപ്ഡേറ്റ് ചെയ്ത 5783 പേരെ കൂടിക്കാഴ്ചയ്ക്ക് ക്ഷണിക്കുകയും അതിൽനിന്ന് 2049 പേരെ നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾക്ക് വായ്പ അനുവദിക്കുന്നതിനായി തെരഞ്ഞെടുത്ത് വിവിധ ബാങ്കുകൾക്ക് ശുപാർശക്കത്ത് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ പേർക്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

നോർക്ക ലഭ്യമാക്കുന്ന ധനസഹായങ്ങൾ

97 (1498) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശത്ത് ജോലി ചെയ്യുമ്പോൾ മരണപ്പെടുകയോ പരിക്ക് പറ്റുകയോ ചെയ്യുന്നവർക്ക് ഏതെല്ലാം തരത്തിലുള്ള ധനസഹായങ്ങളാണ് നോർക്ക ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) വിദേശത്ത് ജോലി ചെയ്യുന്നവർക്ക് സംസ്ഥാന സർക്കാർ ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ടോ ;

(സി) വിദേശത്ത് ജോലി ചെയ്യുന്നതിനിടയിൽ മരണപ്പെട്ടാൽ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് ഏതെല്ലാം തരത്തിലുള്ള സഹായമാണ് സർക്കാർ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) സാന്ത്വനം പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ എത്ര പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ടെന്ന് പേര്, സ്ഥലം, ലഭിച്ച തുക എന്നിവ തരം തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിദേശത്ത് ജോലി ചെയ്യുമ്പോൾ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നിബന്ധനകൾക്ക് വിധേയമായി സാന്ത്വന പദ്ധതി പ്രകാരം മരണാനന്തര ധനസഹായം പരമാവധി 1 ലക്ഷം രൂപയും അപകടംമൂലമോ മറ്റോ പരിക്കുപറ്റി മടങ്ങേണ്ടി വരുന്നവർക്ക് ചികിത്സാസഹായമായി പരമാവധി 50,000 രൂപയും ധനസഹായമായി ലഭ്യമാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly